

എസ്. ഹരികിഷോർ ഐ.എ.എസ്




# പ്രതീക്ഷയോടെ പുതിയ സാമ്പത്തിക വർഷം

നൂതനമായ ആശയങ്ങൾ പ്രാവർത്തികമാക്കി കുടുംബശ്രീ കുടുംബാംഗങ്ങൾക്ക് വരുമാനദായകങ്ങളായ പുതിയ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും, സാമൂഹ്യക്ഷേമ രംഗത്ത് പുത്തനുണർവ് കൊണ്ടുവരാനും 2016-17 സാമ്പത്തിക വർഷത്തിൽ തുടക്കമിടാൻ നമുക്ക് കഴിയണം. ഇതിനാവശ്യമായ സാഹചര്യങ്ങളും സാമ്പത്തിക പിന്തുണയുമെല്ലാം ലഭ്യമായ സ്ഥിതിക്ക് ഇനി ഈ ആശയങ്ങളുടെ നടപ്പിലാക്കലിലാണ് നാം ശ്രദ്ധ നൽകേണ്ടത്.

161 കോടി രൂപയാണ് ഈ സാമ്പത്തിക വർഷം കുടുംബശ്രീയുടെ പ്രവർത്തനങ്ങൾക്കുവേണ്ടി സംസ്ഥാന സർക്കാർ ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇതുകൂടാതെ ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിലൂടെ (National Rural Livelihood Misson NRLM) ലഭിക്കുന്ന 90 കോടി രൂപ കൂടി ചേരുമ്പോൾ 250 കോടിയിലധികം രൂപയാണ് കുടുംബശ്രീക്ക് അടിസ്ഥാന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്നത്.

എല്ലാവർക്കും ഭവനമെന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പ്രധാൻമന്ത്രി ആവാസ് യോജന (PMAY), നഗര ഉപജീവന ദൗത്യം (NULM), ഗ്രാമീണ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാനുള്ള സ്റ്റാർട്ട് അപ് വില്ലേജ് എന്റർപ്രൈസ് പ്രോഗ്രാം (SVEP), കാർഷിക ഉന്നതി ലക്ഷ്യമിട്ട് വിഭാവനം ചെയ്ത മഹിള കിസാൻ സശാക്തീകരൺ പര്യോജന (MKSP), തൊഴിൽ പരിശീലനം ലഭ്യമാക്കി യുവതീയുവാക്കൾക്ക് ജോലി നൽകാൻ വേണ്ടി ആസൂത്രണം ചെയ്ത ദീൻദയാൽ ഉപാധ്യായ ഗ്രാമീൺ കൈശല്യ യോജന (DDUGKY) തുടങ്ങിയ വിവിധ കേന്ദ്ര പദ്ധതികളുടെ കേരളത്തിലെ നോഡൽ ഏജൻസി കുടുംബശ്രീയാണല്ലോ? ഈ പദ്ധതികളിലൂടെ ലഭ്യമാകുന്ന കേന്ദ്ര-സംസ്ഥാന ഫണ്ടുകൾ മാത്രം 500 കോടിയിലധികം വരും. അപ്പോൾ 800 കോടിയോളം രൂപയാണ് കുടുംബശ്രീയിലൂടെ സാധാരണക്കാരുടെ ഉന്നമനത്തിനായി ഈ സാമ്പത്തിക വർഷം ലഭ്യമാകുന്നു.

43 ലക്ഷം കുടുംബങ്ങളാണ് കുടുംബശ്രീയിൽ അംഗമായിട്ടുള്ളത്. ഈ സാമ്പത്തിക വർഷം 50 ലക്ഷം കുടുംബങ്ങളെ കുടുംബശ്രീ കുടുംബത്തിലേക്ക് സ്വാഗതം ചെയ്യണമെന്ന വിശാലമായ ലക്ഷ്യമുള്ളതിനാൽ കഴിഞ്ഞ വർഷം നടത്തിയ 'ദിശ' ക്യാമ്പയിന്റെ തുടർ പ്രവർത്തനങ്ങൾ ചെയ്യേണ്ടതുണ്ട്. 2017-18 വർഷം കുടുംബശ്രീയിൽ തിരഞ്ഞെടുപ്പിന്റെ വർഷം കൂടിയാണ്. പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്ത്, പരിശീലനം നൽകി പ്രവർത്തന മികവിലേക്കുയർത്താനും, നിലവിലെ ഭാരവാഹികൾക്ക് ഇനിയുള്ള 6 മാസ



ക്കാലം മികച്ച പ്രവർത്തനം നടത്തി അവിസ്മരണീയമായ സേവന കാലയളവ് ഉറപ്പാക്കാനും വേണ്ട പരിശീലനങ്ങൾ ഈ വർഷത്തെ പ്രധാന ലക്ഷ്യമാണ്. കൂടാതെ, സി.ഡി.എസുകളുടെയും എ.ഡി.എസുകളുടെയും അയൽക്കൂട്ടങ്ങളുടെയും പ്രവർത്തനങ്ങൾ കൃത്യമായി വീക്ഷിക്കാൻ വേണ്ടി മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (MIS) ശക്തിപ്പെടുത്താനും, സംസ്ഥാന മിഷന്റെ തീരുമാനങ്ങൾ താഴേതട്ടിലേക്കെത്തിക്കാൻ വേണ്ടി മൊബൈൽ ആപ്ലിക്കേഷൻ ഉൾപ്പെടെയുള്ള സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്താനും ഈ വർഷം ഉദ്ദേശിക്കുന്നുണ്ട്.

ലഘുസമ്പാദ്യങ്ങളാണല്ലോ കുടുംബശ്രീയുടെ പ്രവർത്തനത്തിന്റെ അടിത്തറ. രണ്ടര ലക്ഷം അയൽക്കൂട്ടങ്ങൾ ഉള്ളവയിൽ ഒരു ലക്ഷത്തി എൺപതിനായിരത്തിലധികം അയൽക്കൂട്ടങ്ങൾക്ക് ലിങ്കേജ് വായ്പ ലഭ്യമായിട്ടുണ്ട്. ബാങ്ക് ലിങ്കേജ് നൂറുശതമാനമെത്തിക്കുക എന്നത് ഈ വർഷത്തെ സുപ്രധാനമായ ഒരു ലക്ഷ്യമാണ്. കഴിഞ്ഞ സാമ്പത്തിക വർഷം ആരംഭിച്ച പദ്ധതിയായ വായ്പകൾ 4% പലിശയ്ക്ക് ലഭ്യമാക്കുന്ന പലിശ സബ്സിഡി പദ്ധതി ഈ വർഷം തുടരുന്നു. അയൽക്കൂട്ടങ്ങൾക്കുള്ള മാച്ചിംഗ് ഗ്രാന്റ്, സി.ഡി.എസുകൾക്കുള്ള കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട് എന്നിവയും ഈ വർഷം മുൻ വർഷങ്ങളിലെപ്പോലെ നൽകാൻ ഉദ്ദേശിക്കുന്നു.

സാമൂഹ്യ പുനരുദ്ധാരണ രംഗത്ത് വലിയൊരു ചുവടുവയ്പാണ് ഈ വർഷം വരുത്താൻ ലക്ഷ്യമിടുന്നത്. 'അഗതിരഹിത കേരളം' പദ്ധതി നടപ്പിലാക്കുകയാണ് നമ്മുടെ ലക്ഷ്യം. 'ആശ്രയ' പദ്ധതിയുടെ തുടക്കം മുതൽ ഇതുവരെ ഒന്നര ലക്ഷത്തിലധികം അഗതി കുടുംബങ്ങൾക്ക് കുടുംബശ്രീയുടെ കൈത്താങ്ങ് ലഭ്യമായിട്ടുണ്ട്. അർഹരായ എല്ലാ കുടുംബങ്ങളെയും കണ്ടെത്തി ആശ്രയയിൽ ഉൾപ്പെടുത്താനും അഗതിരഹിത കേരളം സാക്ഷാത്കരിക്കാനും നമുക്ക് ഒരുമിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. 200 പഞ്ചായത്തുകളിൽ പുതിയ ബഡ്സ് സ്കൂൾ തുടങ്ങുമെന്നും ബഡ്സ് സ്കൂളുകൾക്ക് 25 ലക്ഷം വീതം ലഭ്യമാക്കുമെന്നുള്ള കേരള സർക്കാരിന്റെ ബജറ്റ് പ്രഖ്യാപനം നടപ്പാക്കേണ്ടതും കുടുംബശ്രീയിലൂടെയാണ്. മാനസിക വെല്ലുവിളികളുള്ള കുട്ടികളുടെ പരിശീലനവും പഠനവും ഉറപ്പാക്കാൻ ഈ തീരുമാനം എത്രയുംപെട്ടെന്ന് നടപ്പിലാക്കേണ്ട ബാധ്യത നമുക്കുണ്ട്. മാതാപിതാക്കളോ, സംരക്ഷണത്തിന് ബന്ധുക്കളോ ഇല്ലാത്ത മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി ഓരോ ജില്ലയിലും ഒരു പുനരധിവാസ കേന്ദ്രം വീതം തുടങ്ങുവാനും ഈ സാമ്പത്തിക വർഷം നമുക്ക് സാധിക്കേണ്ടതുണ്ട്.

സ്ത്രീശാക്തീകരണം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾക്കും സ്ത്രീപദവി സ്വയംപഠന

പ്രക്രിയ തുടരാനും വർഷത്തിൽ പുതിയ തുടക്കം നൽകേണ്ടതുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം 28 തദ്ദേശസ്ഥാപനങ്ങളിൽ അരക്ഷിതാവസ്ഥ പഠനം (വൾണറബിളിറ്റി മാപ്പിംഗ്) നടത്തിയിരുന്നു. ഈ വർഷം 140 പഞ്ചായത്തുകളിൽ വൾണറബിളിറ്റി മാപ്പിംഗ് നടത്താനും, കഴിഞ്ഞ വർഷത്തെ പഠനത്തിന്റെ ഭാഗമായി ലക്ഷ്യമാക്കിയ പ്രോജക്ടുകൾ നടപ്പിലാക്കാനും നമുക്ക് സാധിക്കണം. ഇതുകൂടാതെ 'സ്നേഹിത' കേന്ദ്രങ്ങൾ 14 ജില്ലകളിലും തുടങ്ങാനും 'കമ്മ്യൂണിറ്റി കൗൺസലിംഗ് ശക്തിപ്പെടുത്താനും' ബ്ലോക്ക് തല കൗൺസലിംഗ് കേന്ദ്രങ്ങൾ തുടങ്ങാനും 2017-18 ൽ കഴിയണം. സാഹിത്യ ശിൽപശാല, നാടകക്കളരി, ചിത്രരചനാ ക്യാമ്പ് തുടങ്ങിയ സർഗാത്മക പ്രവർത്തനങ്ങളിലൂടെ സ്ത്രീശാക്തീകരണവും വനിതാ അംഗങ്ങളുടെ ആത്മവിശ്വാസം വളർത്താനും ഉള്ള പ്രവർത്തനങ്ങളും ലക്ഷ്യങ്ങളിൽപ്പെടുന്നു.

ആദിവാസി വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനവും കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പട്ടികവർഗ മേഖലയുടെ ഉന്നമനവും ഈ സാമ്പത്തിക വർഷത്തെ വലിയൊരു ലക്ഷ്യമാണ്. ഈ മേഖലയിലെ കുടുംബശ്രീ പ്രവർത്തനം ശക്തിപ്പെടുത്താനും പ്രവർത്തനം കുറഞ്ഞുവരുന്ന ബാലസഭകൾക്ക് പുതിയ ഊർജം നൽകാനും നിശ്ചയമായും വരും മാസങ്ങളിൽ നമുക്ക് കഴിയണം.



കാർഷികരംഗത്ത് വലിയൊരുണർവാണ് നാം വിഭാവനം ചെയ്യേണ്ടത്. 60,000 ലധികം സംഘങ്ങളിലൂടെ (JLG ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ) ഒരു ലക്ഷത്തിലധികം ഏക്കർ സ്ഥലത്താണ് കുടുംബശ്രീ പ്രവർത്തകർ കാർഷികവൃത്തിയിൽ ഏർപ്പെട്ടിട്ടുള്ളത്. കർഷക സംഘങ്ങളുടെ കാർഷിക ലോണുകൾ 4% പലിശക്ക് ലഭ്യമാക്കാൻ ഈ വർഷവും തുക വകയിരുത്തിയിട്ടുണ്ട്. ഹരിതകേരളം മിഷനുമായി ചേർന്നുകൊണ്ട് തരിശുനിലത്ത് കൃഷി വ്യാപിപ്പിക്കാനും ഒന്നരലക്ഷം ഏക്കർ സ്ഥലത്ത് കൃഷിയിറക്കാനും നാം ലക്ഷ്യമിടണം. 300 ലധികം കാർഷിക സംരംഭങ്ങൾ ഈ വർഷം തുടങ്ങേണ്ടതുണ്ട്. കാർഷികരംഗത്ത് കൂടുതൽ വരുമാനം ലഭ്യമാക്കാൻ മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിലേക്കും സംരംഭങ്ങൾ തുടങ്ങുന്നതിനും നല്ല വിപണി ഉറപ്പുവരുത്തുന്നതിനും പ്രാധാന്യം നൽകിയേ തീരൂ. ഇതുകൂടാതെ മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങളും പശുസഖി, ക്ഷീരസാഗരം, ആടുഗ്രാമം തുടങ്ങിയ പ്രോജക്ടുകളുടെ സംയോജനവും മെച്ചപ്പെടുത്തേണ്ടതുണ്ട്.





30,000 ലധികം വരുന്ന മൈക്രോ സംരംഭങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താനും ഇവയ്ക്ക് പുതിയ വിപണനസാധ്യതകൾ കണ്ടെത്താനും സംരംഭങ്ങളുടെ കൂട്ടായ്മയും പ്രൊഡ്യൂസർ കമ്പനികളും തുടങ്ങി സ്വയംപര്യാപ്തതയിലെത്തിക്കാനും കഴിഞ്ഞാൽ മാത്രമേ അംഗങ്ങളുടെ വരുമാനം വർദ്ധിപ്പിക്കാൻ നമുക്ക് സാധിക്കൂ. ഇതിനൊരു മികച്ച തുടക്കം ഈ വർഷം സാധ്യമാക്കണം. മൈക്രോ സംരംഭങ്ങൾക്ക് പലിശ സബ്സിഡി നൽകുന്ന (4%) സ്കീം ഈ വർഷം മുതൽ തുടങ്ങുന്നു. ഇതുകൂടാതെ നിലവിലെ പദ്ധതികളായ ടെക്നോളജി ഫണ്ട്, ഇന്നവേഷൻ









ഫണ്ട്, ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട് തുടങ്ങിയവയൊക്കെ തുടരുകയും ചെയ്യും. എ.ബി.സി പ്രോജക്ട്, നിർമ്മാണരംഗത്തെ സംരംഭങ്ങൾ, കൂടുതൽ കഫേ കുടുംബശ്രീകൾ തുടങ്ങി പുതിയ മേഖലകൾ കണ്ടെത്താനും അവിടെ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കാനും നമുക്ക് കഴിയണം. റെയിൽവേ പാർക്കിംഗും, വെയിറ്റിംഗ് റൂമിന്റേയും നടത്തിപ്പു ലഭിക്കാനും, കൊച്ചിൻ മെട്രോ പോലുള്ള സ്ഥാപനങ്ങളുടെ പൂർണ നടത്തിപ്പ് ലഭ്യമാക്കാനും സാധിച്ചത് ചിട്ടയായ പ്രവർത്തനത്തിലൂടെയായതിനാൽ സേവനരംഗത്ത് വലിയൊരു തുടക്കം നൽകാൻ കുടുംബശ്രീക്ക് കഴിയണം. ബ്രാന്റിംഗും മാർക്കറ്റിംഗും മെച്ചപ്പെടുത്താനും ഇന്റർനെറ്റ് വഴിയുള്ള വിപണനം സാധ്യമാക്കാനും ഈ വർഷമെങ്കിലും നമുക്ക് കഴിയണം.

കേന്ദ്ര പദ്ധതികളുടെ നടത്തിപ്പും കൃത്യമായ മേൽനോട്ടവും വലിയ ചുമതല തന്നെയാണ്. ഈ പദ്ധതികൾ നൽകുന്ന അവസരങ്ങളും വളരെ വലുതാണ്. എല്ലാവർക്കും വീടു നൽകാനുള്ള LIFE പദ്ധതിയും PMAYയും സംയോജിപ്പിക്കാനും അർഹരായ എല്ലാവർക്കും വീടുനൽകാനും അയൽക്കൂട്ടങ്ങൾക്ക് സാധിക്കണം.

തൊഴിൽ പരിശീലനം ലഭ്യമാക്കി ജോലി നൽകാൻ NRLM, NULM, DDUGKY തുടങ്ങിയ പദ്ധതികളിലൂടെ ലഭ്യമാകുന്ന അവസരങ്ങൾ നാം പരമാവധി പ്രയോജനപ്പെടുത്തണം. ഇപ്രകാരം ലക്ഷക്കണക്കിന് കുടുംബങ്ങളുടെ ഉയർച്ചയും ഉന്നമനവും ലക്ഷ്യമാക്കി ഒരുമയോടെ പ്രവർത്തിക്കാൻ നമുക്ക് 2017-18 ൽ സാധിക്കട്ടെയെന്നും, പുതിയ ആശയങ്ങളുടെ ആവിഷ്കാരത്തിലൂടെ ദാരിദ്ര്യനിർമാർജനവും സ്ത്രീശാക്തീകരണവും സാമ്പത്തിക പുരോഗതിയും സാധ്യമാക്കാൻ നമുക്കോരോരുത്തർക്കും കഴിയട്ടെ എന്നും ആഗ്രഹിക്കുന്നു. ആശംസിക്കുന്നു.

സ്നേഹപൂർവം
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ